MAR REMIGIOSE INCHANANIYIL
Bishop of Thamarassery

D31/05/380/26 24 October 2026

ഏറ്റവും സ്നേഹം നിറഞ്ഞ വൈദികരേ,

അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ സ്വർഗീയ പ്രാപ്തിയുടെ 800-ാമത് വാർഷികത്തോട് അനുബന്ധിച്ച് ഈ വർഷം തിരുസഭ ഒരു സവിശേഷ ജൂബിലി ആഘോഷത്തിലാണല്ലോ. ദൈവകൃപ സ്വീകരിക്കാനും വിശുദ്ധന്റെ മാധ്യസ്ഥ്യം തേടാനും മൂന്ന് തീർഥാടന കേന്ദ്രങ്ങൾ രൂപതാതലത്തിൽ ഇതിനോടകം നാം ക്രമീകരിച്ചിട്ടുണ്ട്.

വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ മഹത്തായ സന്ദേശം ഹൃദയങ്ങളിലേക്ക് പകരാനും വിശുദ്ധന്റെ ചൈതന്യത്തിൽ ജീവിക്കാനും, നമ്മുടെ രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സിസ്റ്റേഴ്സ് (FCC) എല്ലാ ഇടവകകളിലും വിശുദ്ധന്റെ ജീവിത സന്ദേശം എത്തിക്കാൻ ആഗ്രഹിക്കുന്നു എന്നത് സന്തോഷപൂർവം ഞാൻ നിങ്ങളെ അറിയിക്കുകയാണ്. **ഫ്രാൻസിസ്കൻ ഇവ്** (Franciscan Eve) എന്ന് പേരിട്ടിരിക്കുന്ന ഈ സായാഹ്ന ആത്മീയ വിരുന്നിൽ, വിശുദ്ധന്റെ ജീവിതത്തെ ആസ്പദമാക്കിയുള്ള ധ്യാനചിന്തകളും ചലച്ചിത്രാവതരണവും ദിവ്യകാരുണ്യ ആരാധനയും സമാധാന ആശംസയും തിരുശേഷിപ്പ് വണക്കവും ഉൾപ്പെടുത്തിയിരിക്കുന്നു. ബഹു. സിസ്റ്റേഴ്സിനോട് സഹകരിച്ച് നമ്മുടെ എല്ലാ ഇടവകകളിലും ഫ്രാൻസിസ്കൻ ഇവ് വിജയകരമാക്കാൻ വേണ്ട സജ്ജീകരണങ്ങൾ നടത്തണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. പ്രസ്തുത ആത്മീയ ശുശ്രൂഷയുടെ സമാപനത്തിൽ, പങ്കെടുക്കുന്നവർക്കായി സ്നേഹവിരുന്ന് നൽകുന്നത് ഉചിതമാണ്.

ഫ്രാൻസിസ്കൻ ഈവിലൂടെ വിശുദ്ധന്റെ മാധ്യസ്ഥ്യം തേടി ദൈവാനുഗ്രഹം പ്രാപിക്കാൻ ഇടവകയിലെ സാധിക്കുന്ന എല്ലാവരേയും പ്രോത്സാഹിപ്പിക്കണമെന്ന് സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു. നമ്മുടെ രൂപതയെ ഒരു കുടുംബമായി രൂപപ്പെടുത്താൻ അസ്സീസിയിലെ വി. ഫ്രാൻസിസ് മാധ്യസ്ഥ്യം വഹിക്കട്ടെയെന്നു പ്രാർഥിച്ചുകൊണ്ട്,

സ്നേഹപൂർവം,

✠റെമീജിയോസ് ഇഞ്ചനാനിയിൽ
താമരശ്ശേരി രൂപതയുടെ മെത്രാൻ

Bishop's House, P.B. No. 1, Thamarassery P.O., Calicut - 673 573, Kerala, India
Phone : +91 495 2223376, Mob : 9400088376
Web: www.https : thamarasserydiocese.com
Email : remigiusm@hotmail.com, diocesetmy09@gmail.com